20 (460) എസ്.എസ്.എൽ.സി പരീക്ഷയുടെ റാങ്ക് നിർണയം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്.എസ്.എൽ.സി. പരീക്ഷയുടെ റാങ്ക് നിർണ്ണയത്തിൽ എന്തെങ്കിലും പരിഷ്ക്കാരം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി കമ്മിറ്റിയെ നിയമിക്കുകയുണ്ടായോ, വിശദമാക്കുമോ;

(സി) ഏതെല്ലാം രീതിയിലുള്ള പരിഷ്ക്കാരങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോൾ ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

21 (461) എസ്.എസ്.എൽ.സി പരീക്ഷയിലെ ക്രമക്കേടുകൾ

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയിലെ ക്രമക്കേടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) എസ്.എസ്.എൽ.സി. പരീക്ഷയിൽ കോപ്പിയടി തടയുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവ അപര്യാപ്തമാണെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കോപ്പിയടി തടയുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1999 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ സംസ്ഥാന തലത്തിൽ ഏകദേശം 2000-ൽപ്പരം വിദ്യാർത്ഥികളുടെ പേരിൽ പരീക്ഷാ ക്രമക്കേടുകൾക്ക് നടപടി സ്വീകരിക്കേണ്ടിവന്നിട്ടുണ്ട്.

(സി) ഡെപ്യൂട്ടി ഡയറക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഉൾക്കൊള്ളുന്ന സ്ക്വാഡുകളാണ് പരീക്ഷാ കേന്ദ്രങ്ങൾ സന്ദർശിച്ച് ക്രമക്കേടുകൾ കണ്ടുപിടിച്ചിരുന്നത്. എന്നാൽ ഇപ്പോൾ സംസ്ഥാന തലത്തിൽ അഡീഷണൽ ഡി.പി.ഐ. (ജനറൽ), അഡീഷണൽ ഡി.പി.ഐ. (അക്കാഡമിക്), ജോയിന്റ് ഡയറക്ടർ,

LIBRARY ARCHIVES Kerala Legislative Assembly